MORNING NEWS ONLINE DALILY
MORNING NEWS ONLINE DALILY From Snehavachanam media group
morning newsdaily. www.morningnewsdaily.org, morningnewsdaily64@gmail.com
KTM



# ഇരുണ്ട തന്മയിഭാവം ഉള്ളവർ 24



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

www.morningnewsdaily.org

എല്ലാ മനുഷ്യരിലും നന്മയും തിന്മയും അടങ്ങിയിരിക്കുന്നു.

കുടുംബ ജീവിതത്തിൽ പലവിധ വ്യക്തിത്വങ്ങളുമായി അടുത്തിടപെഴകേണ്ടതായുണ്ട് അതുകൊണ്ടു തന്നെ വ്യത്യസ്തങ്ങളായ നിരവധി ബന്ധങ്ങളെയും ആളുകളെയും കൈകാര്യം ചെയ്യേണ്ടതായി വരും. പല വ്യക്തിത്വങ്ങളും, ബന്ധങ്ങളും നിങ്ങൾക്കു പരിപാലനം ചെയ്യാനാവുന്നവ ആയിരിക്കും എന്നാൽ ചിലതു അങ്ങിനെയായിരിക്കില്ല. ബഹുമുഖ വ്യക്തിത്വങ്ങളുള്ളവരാണ് നാമെല്ലാവരും. അതുകൊണ്ടാണ് ഓരോരോ സാഹചര്യത്തിനും, സന്ദർഭത്തിനുമനിസരിച്ചു പെരുമാറാൻ നമ്മുക്ക് സാധിക്കുന്നത്.

തന്മയത്തത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നാം പ്രാപ്തരായിരിക്കണമെന്നത് കേട്ടുവളർന്നവരാണ് നമ്മിൽ പലരും. എന്നാൽ സ്വന്തം കാര്യം നേടിയെടുക്കാൻ മറ്റുള്ളവരുടെ വേദനയിലും മുതലെടുപ്പു നടത്തുന്നവരുണ്ട്. ഇങ്ങനെയുള്ളവരെ ആരെ മുതലെടുത്തും ജീവിക്കാനറിയാവുന്നവർ എന്ന് പറയാറുണ്ട്.

വിവാഹ ജീവിതത്തിൽ ഇങ്ങനെയുള്ള പങ്കാളികളെ കിട്ടുന്നവർക്ക് കുറ്റബോധത്തോടെയല്ലാതെ ജീവിക്കണമെങ്കിൽ ഇവരെപ്പോലെ തൻകാര്യം മാത്രം നോക്കുന്ന എന്നാൽ മറ്റുള്ളവരെ തങ്ങൾ സഹാനുഭൂതിയുള്ളവരാണെന്നു തെറ്റിദ്ധരിപ്പിക്കാനുള്ള കഴിവുള്ളവരായിരിക്കണം. അതെ, ഇരുണ്ട തന്മയിഭാവമുള്ളവർ അങ്ങിനെയാണ് അവരെയാണ് നാം ഡാർക്ക് എംപാത് എന്ന് വിളിക്കുന്നത്. ഡാർക്ക് എംപാതിനെ മനസ്സിലാക്കണമെങ്കിൽ ചില പഴഞ്ചൊല്ലുകൾ ഉപകരിക്കും. പുര കത്തുമ്പോൾ വാഴവെട്ടുക. എരിയുന്ന പുരയുടെ കഴുക്കോൽ ഊരുക എന്നെ കലാപരിപാടികൾ ചെയ്യുന്നവരാണിവർ. ഡാർക് എംപാത് ആയ വ്യക്തികൾ സ്നേഹപൂർവമായും, സഹകരണ മനോഭാവത്തോടെ പെരുമാറുന്നത് നിങ്ങളുടെ വികാരങ്ങൾ പരിഗണിക്കുന്നതിനോ, നിങ്ങളെ സഹായിക്കുന്നതിനോ അല്ല, മറിച്ച് നിങ്ങളുടെ വികാര വിചാരങ്ങളെ മനസിലാക്കി നിങ്ങളെ അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടണ്ട രീതിയിൽ രൂപപ്പെടുത്തിയെടുക്കുന്നതിനു വേണ്ടിയാണ്. ഇവർ പുറമെ വളരെ മനോഹരമായി ഇടപെടുന്നവരും, ആളുകളെ കൈയിലെടുക്കാൻ മിടുക്കന്മാരുമായിരിക്കും.

ഇതൊരു വളരെ അപകടകരമായ സ്വഭാവ വൈരുപ്യമാണ്. വിഷം ഉള്ളിൽ വച്ച് പുറമെ നല്ലവരായി പെരുമാറുന്നവരാണിവർ. അവരുടെ ഇരകളായ ആളുകളിൽ കുറ്റബോധം സൃഷ്ടിക്കുന്നതിൽ ഗുപ്തമായ അനുഭൂതി കണ്ടെത്തുന്നവരാണിവർ. കുറിക്കുകൊള്ളുന്ന ക്ഷുദ്രകരമായ അല്ലെങ്കിൽ പകയുളവാക്കുന്ന നർമ്മങ്ങൾ പറയാനും അവ ആസ്വദിക്കാനും ഇവർക്ക് അസാമാന്യ കഴിവാണ്.

അവർ ചെയ്യുന്ന നല്ല കാര്യങ്ങൾക്കെല്ലാം എന്തെങ്കിലും ഗൂഢോദ്ദേശ്യം ഉണ്ടായിരിക്കും. നമ്മൾ കേട്ടിട്ടില്ലേ ഒന്നും കാണാതെ പട്ടര് കിണറ്റിൽ ചാടില്ല എന്ന്. ചിരിച്ചുകൊണ്ട് കഴുത്തറക്കുന്നതിനും ഇവർ മിടുക്കരാണ്. അത്രമേൽ സ്നേഹവും കരുതലും നൽകി ഇരയുടെ വിശ്വാസവും സ്നേഹവും പിടിച്ചെടുത്തശേഷം മാത്രമേ ഇവർ കാര്യസാധ്യം നടത്തുകയുള്ളു. ഉദാഹരണത്തിന്, ചിലരുണ്ട് അനിയത്തിയെ നോട്ടമിട്ടുകൊണ്ടു ചേടത്തിയെ വിവാഹം ചെയ്യുന്നവർ. ഇവർ ആദ്യം ചെയ്യുക സ്വന്തം ഭാര്യയുടെ വിശ്വാസവും സ്നേഹവും ആർജ്ജിക്കുകയെന്നതാണ്. ഇനി അനിയെത്തിയെന്നല്ല ആരു പറഞ്ഞാലും സ്വന്തം ഭർത്താവിനെ മാത്രം വിശ്വസിക്കുന്ന രീതിയിൽ ഇവർ ഭാര്യയെ ആക്കിത്തീർക്കും എന്നിട്ടായിരിക്കും ഇവരുടെ അനിയത്തിയോടുള്ള സമീപനത്തെ തന്റെ വരുതിയിലാക്കുന്ന പ്രക്രിയയിലേക്കു നീങ്ങുന്നത്. ചിലർ വിവാഹം കഴിക്കുമ്പോൾ വളരെ സ്നേഹശീലരും, സഹായികളും ഒക്കെയായിരിക്കും എന്നാൽ കുറുക്കൻറ്റെ കണ്ണ് കോഴിക്കൂട്ടിൽ എന്നപോലെ സ്വത്തിലും മറ്റുമാരിയിരിക്കും കണ്ണ്. ദുസ്സാമർഥ്യമുള്ള കൗശലക്കാരായിരിക്കുമിവർ. ചിലരെ നാം പറയാറില്ലേ 'അവനാരാ മോൻ, അവളാരാ മോൾ' എന്നൊക്കെ. ഇവർ തങ്ങളുടെ കാര്യസാധ്യത്തിനായാണ് മറ്റുള്ളവരെ ഉപയോഗിക്കുന്നത്. എന്നാൽ ഇവർ ചിലരോട് ആത്മാർത്ഥതയുള്ളവരാണ്. അത് അവർക്കു അത്രമേൽ പ്രിയപ്പെട്ടവരായിരിക്കും, അത് മാതാവോ, പിതാവോ, മകനോ, മകളോ, കൂട്ടുകാരനോ ആകാം. അതുകൊണ്ടു തന്നെ ഇവരുടെ അഭിനയവും യാഥാർഥ്യവും തമ്മിൽ തിരിച്ചറിയാൻ പലർക്കും പ്രയാസം ആയിരിക്കും. കുറഞ്ഞ തീവ്രതയിലുള്ള ചെറിയ മുതലെടുക്കൽ മുതൽ വലിയ തീവ്രതയുള്ള ജീവനുതന്നെ ഭീഷണിയാകുന്ന തരത്തിലുള്ള ഡാർക്ക് എംപാത് വ്യക്തിത്വങ്ങളെ നമ്മുക്ക് ചുറ്റും കാണാൻ സാധിക്കും. അടുത്തയിടെ പാമ്പിനെക്കൊണ്ട് തൻറ്റെ ഭാര്യയായ ഉത്രയെ കൊല്ലിച്ച സൂരജ് ഒരു ക്രൂരതയുള്ള ഡാർക്ക് എംപാതിൻറ്റെ വ്യക്തിത്വത്തെ കാണിക്കുന്നു. ഇഴുകി ചേർന്നു കിടക്കുന്ന തന്മയിഭാവമുള്ള സോഷ്യോപാതിക്, സൈക്കോപാതിക് വ്യക്തിത്വങ്ങളുടെ മിശ്രണം സൂരജിൽ കാണാൻ സാധിക്കുന്നുണ്ട്.

ഇവരുടെ സഹതാപവും സഹകരണവുമെല്ലാം അവരുടെ കാര്യസാധ്യത്തിനു വേണ്ടിയുള്ളതാണ്. മറ്റുള്ളവരുടെ ആവശ്യങ്ങളെ ആത്മാർഥമായി ഇവർ സാധിച്ചുകൊടുക്കുമ്പോൾ നാം വിചാരിക്കും ഇവർ എത്ര നല്ലവരാണെന്നു. പക്ഷെ തങ്ങൾക്കു ഗുണമില്ലാത്ത ഒരു കാര്യത്തിനും ഇവർ നിൽക്കില്ല. ഇനിയും ചിലർ വളരെ സഹതാപപൂർവ്വം പെരുമാറി തങ്ങളുടെ കീശ നിറക്കുന്നവരാണ്. ഉദാഹരണമാണ് നമ്മൾ കാണുന്ന ചില നന്മ മരങ്ങൾ. ഇവർ ആദ്യം ഇരകളുടെയും സമൂഹത്തിൻറ്റെയും വിശ്വാസം ആർജ്ജിക്കും. പിന്നീടാണ് തങ്ങളുടെ കീശവീർപ്പിക്കൽ പണിയാരംഭിക്കുന്നതു. അത് ആർക്കും മനസ്സിലാകാത്തവിധത്തിൽ നടത്തിയെടുക്കാൻ വിരുതുള്ളവരാണിവർ. ഇനി ആരെങ്കിലും മനസ്സിലാക്കിയാൽ തന്നെ അവർ സൃഷ്ടിച്ചിരിക്കുന്ന പറക്കും വാനരർ ഇവർക്കു വേണ്ടി അനുകൂലിച്ചും അവരെ നല്ലവരാക്കിയും രംഗത്തു വരും. ഇവരുമായി മല്ലിടാൻ സാധാരണ ജനത്തിന് പ്രയാസവുമായിരിക്കും കാരണം പല വെല്ലുവിളികളും ഇവർ നടത്തും. അതുകൊണ്ടു തന്നെ പലരും ഇവരെ എന്തെങ്കിലുമാകട്ടെ എന്ന് കരുതി ഒഴിഞ്ഞുമാറിപ്പോകുകയാണ് പതിവ്. അതാണവർക്കു വേണ്ടതും. എതിർക്കുന്നവർ ഒഴിവാകുക അതിനുവേണ്ടി മോശമായതൊന്നും ചെയ്യില്ല. പകരം അവർ നിർമ്മിച്ചിരിക്കുന്ന പറക്കും വാനരയായ അവരുടെ അനുകൂലികൾ അവർക്കായി വാദിക്കുകയും, പൊരുതുകയും ചെയ്യും. കൾട്ട് അല്ലെങ്കിൽ ആരാധകരുടെ വൃന്ദത്തെ സൃഷ്ടിക്കുന്ന നായകന്മാരും ചെയ്യുന്നത് ഇപ്രകാരമാണ്. അവരുടെ കീശ വീർപ്പിക്കാനുള്ള ഉപകരണമാണ് ആരാധകർ. അത് യുട്യൂബ് ആകാം, മതപരമാകാം, ആത്മീകമാകാം, സിനിമയാകാം, സാംസ്കാരികമാകാം. മേഖല ഏതുമാകട്ടെ ഒരു ഡാർക്ക് എംപാത്തിന് തന്റെ കാര്യം തന്മയീഭാവത്തോടെ മറ്റുള്ളവരെ മുതലെടുത്തുകൊണ്ട് നേടാനറിയാം. അത് പക്ഷെ അധാർമ്മികമായ ദുർവിനിയോഗമാകുമ്പോൾ മാത്രമേ പലരും തിരിച്ചറിയുകയുള്ളു. ആളുകളെ തമ്മിലടിപ്പിച്ചു ചോര കുടിക്കാൻ മിടുക്കുള്ളവരാണിവർ. ഇവരെ ആരുമങ്ങനെ സംശയിക്കത്തുമില്ല. ഇവർ നമ്മുടെ ചുറ്റിലും കൂട്ടുകാരായോ, ബന്ധുവായോ ഒക്കെ ഉണ്ടാകും.ഇപ്പോൾ ചിലരുടെയെങ്കിലും രൂപം നിങ്ങളുടെ മനസ്സിൽ തെളിയുന്നുണ്ടായിരിക്കും അല്ലെ.



ഒരു ഡാർക്ക് എംപാത്തിന് തന്റെ കാര്യം തന്മയീഭാവത്തോടെ മറ്റുള്ളവരെ മുതലെടുത്തുകൊണ്ട് നേടാനറിയാം. അത് പക്ഷെ അധാർമ്മികമായ ദുർവിനിയോഗമാകുമ്പോൾ മാത്രമേ പലരും തിരിച്ചറിയുകയുള്ളു. ആളുകളെ തമ്മിലടിപ്പിച്ചു ചോര കുടിക്കാൻ മിടുക്കുള്ളവരാണിവർ. ഇവരെ ആരുമങ്ങനെ സംശയിക്കത്തുമില്ല. ഇവർ നമ്മുടെ ചുറ്റിലും കൂട്ടുകാരായോ, ബന്ധുവായോ ഒക്കെ ഉണ്ടാകും.ഇപ്പോൾ ചിലരുടെയെങ്കിലും രൂപം നിങ്ങളുടെ മനസ്സിൽ തെളിയുന്നുണ്ടായിരിക്കും അല്ലെ ?

ഇവരെ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ഒരിക്കലും അവരോടു അതിനെക്കുറിച്ചു വീമ്പു പറയരുത്. കാരണം അവർ വെളിച്ചത്തായി എന്നുകണ്ടു കഴിഞ്ഞാൽ നിങ്ങളെ താറടിക്കാനോ അല്ലെങ്കിൽ നിശ്ശബ്ദമാക്കാനോ ഉള്ള വഴി ഇവർ നോക്കും. ഇവരെ മനസ്സിലാക്കി ക്കഴിഞ്ഞാൽ. പരമാവധി നിങ്ങളെ സുരക്ഷിതമാക്കുക എന്നതാണ് ഏറ്റവും നല്ല വഴി. ഒരിക്കലും അവരിലേക്ക് തിരിച്ചുപോക്ക് മനസ്സിൽ പോലും ചിന്തിക്കരുത്. അത് വളരെ വിഷമകരമായിരിക്കും. ഇങ്ങനെ യുള്ളവർ എല്ലായിടത്തും കാണും. പുരാണങ്ങളിലും ഇവരെ നമ്മുക്ക് കാണാം. ശകുനി അത്തരത്തിലുള്ള ഒരു വ്യക്തിത്വത്തിന് ഉത്തമ ഉദാഹരണമാണ്. അതുപോലെതന്നെ യേശുവിനെ ഒറ്റുകൊടുത്ത യൂദാസ്, രാമായണത്തിലെ മൻതര ഇവരെല്ലാം തന്മയത്വത്തോടെ സ്നേഹവും സഹകരണവും ഉറപ്പാക്കി നല്ലവരും, സാമാന്യം നിഷ്കളങ്കരും, സഹാനുഭൂതിയുള്ളവരുമായ മനുഷ്യർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്വഭാമുള്ളവരാണ്. ഇവരെപ്പോലുള്ളവർ ഇന്നും ഉണ്ട്. അതുകൊണ്ടുതന്നെ ജീവിതത്തിൽ ജാഗരൂകരാകുക എന്നത് പ്രധാനം ആണ്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നാണല്ലോ പ്രമാണം. ആരായാലും ഒരു പൊടിക്ക് അകലമിട്ട് വിശ്വസിക്കുന്നതാണ് അഭികാമ്യം. സ്വയം സംരക്ഷിക്കുക എന്നത് ഏവരും ആർജ്ജിച്ചിരിക്കേണ്ട വൈദഗ്ദ്ധ്യം ആണ്. അതുകൊണ്ടു തന്നെ വ്യക്തികളെ തിരിച്ചറിയാനും സ്വയം സംരക്ഷിക്കാനും അമാന്തം അരുത്.

www.morningnewsdaily.org

MORNING NEWS PAPER DAILY
SUBSCRIBE

Get the daily newspaper on your computer or mobile just as it appears in print



